"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 28.01.2024

# കൈക്കൂലി വാങ്ങുന്നതിനിടെ മോട്ടോർ വിഹിക്കിൾ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ

കോഴിക്കോട് ജില്ലയിലെ ഫറൂഖ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ മോട്ടോർ വിഹിക്കിൾ ഇൻസ്പെക്ടർ അബ്ദുൾ ജലീൽ. വി.എ. 10,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (28/01/2024) വിജിലൻസിന്റെ പിടിയിലായി.

കോഴിക്കോട് ജില്ലയിലെ ഫറൂഖ് സ്വദേശിയായ പരാതിക്കാരൻ ഫറൂഖിൽ നടത്തി വരുന്ന പുക പരിശോധന കേന്ദ്രത്തിന്റെ ലൈസൻസ് പുതുക്കുന്നതിലേക്ക് ഇക്കഴിഞ്ഞ 19-ാം തിയതി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കഴിഞ്ഞ ദിവസം ഇക്കാര്യമന്വേഷിച്ച് ഫറൂഖ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ എത്തിയപ്പോൾ മോട്ടോർ വിഹിക്കിൾ ഇൻസ്പെക്ടറായ അബ്ദുൾ ജലീൽ ലൈസൻസ് പുതുക്കുന്നതിലേക്ക് 10,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും, കൈക്കൂലിയുമായി ഇന്ന് (28/01/2024) ഞായറാഴ്ച വീട്ടിലെത്താൻ ആവശ്യപ്പെടുകയും ചെയ്തു. പരാതിക്കാരൻ ഈ വിവരം കോഴിക്കോട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സുനിൽ കുമാർ. ഇ. യെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, ഇന്ന് (28/01/2024) രാവിലെ 11:15 മണിക്ക് മോട്ടോർ വിഹിക്കിൾ ഇൻസ്പെക്ടർ അബ്ദുൾ ജലീലിന്റെ ഫറൂഖിലുള്ള വീട്ടിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/-രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടിക്കുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. രാജേഷ് കുമാർ, ശ്രീ. സന്ദീപ് സബ് ഇൻസ്പെക്ടർമാരായ സുനിൽ, രാധാകൃഷ്ണൻ, സുജിത് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ അനിൽ കുമാർ, അബ്ദുൾ സലാം സിവിൽ പോലീസ് ഓഫിസർമാരായ സനോജ്, രാഹുൽ, റിനോ തുടങ്ങിയവർ കൂടി ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.